എ.ബി 6/20580/16/ആ.വ.ഡ

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി 15/03/2016

# സർക്കുലർ

വിഷയം :- ആ.വ.ഡ - ഭവന വായ്പ (എച്ച്.ബി.എ)യ്ക്ക് അപേക്ഷിക്കുമ്പോൾ ശ്രദ്ധിക്കേണ്ട വസ്തുതകൾ സംബന്ധിച്ച് :-

....

ഭവന വായ്പ (എച്ച്.ബി.എ)യ്ക്ക് അപേക്ഷ നൽകുമ്പോൾ അപേക്ഷകനും, സ്ഥാപനമേധാവികളും ജില്ലാ മെഡിക്കൽ ആഫീസർമാരും ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

എച്ച്.ബി.എ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങുന്ന വിവിധ സർക്കാർ ഉത്തരവുകൾ അപേക്ഷ ഫോറം, ബിൽ ഫോം, തയ്യാറാക്കേണ്ട രേഖകളുടെ മാതൃക എന്നിവ **www.dhs.gov.kerala.in** എന്ന ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**www.dhs.gov.kerala.in ⟹ Notification ⟹ HBA Instructions**

1. പ്രധാനപ്പെട്ട വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു

(1) എല്ലാ വർഷവും മെയ് 1 മുതൽ 15 വരെയാണ് അപേക്ഷ നൽകേണ്ട കാലയളവ്

(2) രാജ്യത്ത് എവിടെയെങ്കിലും സ്വന്തം പേരിലോ ഭാര്യ/ഭർത്താവ്/മൈനർ മക്കളുടെ പേരിലോ നിലവിൽ വീടുണ്ടെങ്കിൽ എച്ച്.ബി.എയ്ക്ക് അർഹതയില്ല.

(3) അപേക്ഷിക്കുന്ന തീയതിയിൽ 5 വർഷം സർവ്വീസ് പൂർത്തിയാക്കിയിരിക്കണം

(4) കുറഞ്ഞത് 50 മാസത്തെ സർവ്വീസ് ബാക്കിയുണ്ടായിരിക്കണം

(5) മാർച്ച് മാസത്തെ അടിസ്ഥാന ശമ്പളത്തിന്റെ 50 ഇരട്ടിയായിരിക്കും എടുക്കാവുന്ന തുക (ഏറ്റവും കൂടിയ തുക 20 ലക്ഷം)

(6) വീട് നിർമ്മിക്കുന്നതിന് മാത്രമായിരിക്കും എച്ച്.ബി.എ നൽകുക (എക്സ്റ്റൻഷന് എച്ച്.ബി.എ അനുവദനീയമല്ല)

11. അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട രേഖകൾ

(1) അപേക്ഷ ഫോറം (കെ.എഫ്.സി ഫോം നം. 29)

**Appendix - 1** (എല്ലാ കോളങ്ങളും അപേക്ഷകൻ വ്യക്തമായി പൂരിപ്പിച്ച് ഒപ്പിടേണ്ടതാണ് )

**Appendix - 1II** (ഇതിലെ വിവരങ്ങൾ പൂർണ്ണമായും ശരിയാണെന്ന് ബോദ്ധ്യപ്പെട്ട് സ്ഥാപനമേധാവി ഒപ്പിടേണ്ടതും ഡി.എം.ഒ കൗണ്ടർസൈൻ ചെയ്യേണ്ടതുമാണ്. )

(2)സർവ്വീസ് സർട്ടിഫിക്കറ്റ് (കെ.എഫ്.സി ഫോറം 37) (ബന്ധപ്പെട്ട സ്ഥാപനമേധാവിയിൽ നിന്നും ലഭിച്ചത്, ഡി.എം.ഒ കൗണ്ടർസൈൻ ചെയ്തിരിക്കണം)

(3) ഡി.സി.ആർ.ജി സർട്ടിഫിക്കറ്റ്
(ബന്ധപ്പെട്ട സ്ഥാപനമേധാവിയിൽ നിന്നും ലഭിച്ചത്, ഡി.എം.ഒ കൗണ്ടർസൈൻ ചെയ്തിരിക്കണം)

(4) വിശദമായ ശമ്പള സർട്ടിഫിക്കറ്റ് (സ്ഥാപനമേധാവിൽ നിന്നും ലഭിച്ചത്, ഡി.എം.ഒ കൗണ്ടർസൈൻ ചെയ്തിരിക്കണം)

(5)ടൈറ്റിൽ സർട്ടിഫിക്കറ്റ് (ബന്ധപ്പെട്ട ഡിസ്ട്രിക്റ്റ് ഗവൺമെന്റ് പ്ലീഡർ / അഡീഷണൽ ഗവൺമെന്റ് പ്ലീഡറിൽ നിന്നും ലഭിച്ചത്)

(6) അസ്സൽ പ്രമാണം (അപേക്ഷകന്റ ഭാര്യ / ഭർത്താവിന്റെ പേരിലുള്ളതാണെങ്കിൽ അവരുടെ 200 രൂപ പത്രത്തിലുള്ള സമ്മതപത്രം. ഇത് അഡ്വക്കേറ്റ് & നോട്ടറി അറ്റസ്റ്റ് ചെയ്തിരിക്കണം )

(7) അവസാനം കരം അടച്ച രസീത്

(8) കൈവശാവകാശ സർട്ടിഫിക്കറ്റ്

(9) ബാധ്യതാ സർട്ടിഫിക്കറ്റ് (12 വർഷം)

(10) ലൊക്കേഷൻ സർട്ടിഫിക്കറ്റ്

(11) പ്ലാൻ, എസ്റ്റിമേറ്റ് (ഇവ രണ്ടും ബന്ധപ്പെട്ട പി.ഡബ്ല്യൂ.ഡി എക്സിക്യൂട്ടീവ് എൻജിനീയർ അംഗീകരിച്ചതായിരിക്കണം. എസ്റ്റിമേറ്റ് തുക അർഹമായ തുകയേക്കാൾ കുറവാണെങ്കിൽ എസ്റ്റിമേറ്റ് തുകയേ അനുവദിക്കുകയുള്ളൂ)

(12)ബിൽഡിംഗ് പെർമിറ്റ് / എൻ.ഒ.സി (ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചത്)

(വസ്തുവിൽ പഴയ വീട് നിലവിലുണ്ടെങ്കിൽ അത് താമസത്തിന് അനുയോജ്യമല്ല എന്നുള്ള ബന്ധപ്പെട്ട പി.ഡബ്ല്യൂ.ഡി എക്സിക്യൂട്ടീവ് എൻജിനിയറുടെ സർട്ടിഫിക്കറ്റ് വേണ്ടതാണ്)

**N.B :** എല്ലാ രേഖകളുടെയും ഒറിജിനൽ മാത്രമാണ് ഉള്ളടക്കം ചെയ്യേണ്ടത്. പകർപ്പ് ആവശ്യമില്ല. പ്രസ്തുത സീരിയൽ നമ്പർ ക്രമത്തിൽ 1 മുതൽ 5 വരെയുള്ള രേഖകൾ ഒരുമിച്ച് ഒരു സെറ്റായിട്ടും 6 മുതൽ 12 വരെയുള്ള രേഖകൾ ഒരുമിച്ച് രണ്ടാമത്തെ സെറ്റായിട്ടും പ്രത്യേകം ടാഗ് ചെയ്യേണ്ടതാണ്.

മേൽ പ്രസ്താവിച്ച മുഴുവൻ രേഖകളോടുകൂടിയ അപേക്ഷ മെയ് 15 ന് മുൻപായി സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ടതും സ്ഥാപനമേധാവി അത് പരിശോധിച്ച് ജില്ലാ മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതും ജില്ലാ മെഡിക്കൽ ഓഫീസർ മേൽ പ്രസ്താവിച്ച 12 രേഖകളും ഉള്ളടക്കം ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തി മെയ് 31 ന് മുൻപായി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്. മെയ് 31, 5 പി.എം. ന് ശേഷം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ ലഭിയ്ക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിയ്ക്കുന്നതല്ല. വയസ്സ് കൂടുതലായുള്ളവർക്ക് മുൻഗണനാക്രമം നൽകികൊണ്ട് ധനകാര്യവകുപ്പിൽ നിന്നും ഘട്ടംഘട്ടമായി അലോട്ട്മെന്റ് ലഭിയ്ക്കുന്ന മുറയ്ക്ക് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും അഡ്വാൻസ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും.

(ഒപ്പ്)
അഡീഷണൽ ഡി.എച്ച്.എസ് (എ&റ്റി)